**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ ജീവനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി ദെലീമ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംരക്ഷിക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച 'ജീവനി പദ്ധതി' നിലവിൽ ഏതെല്ലാം സർക്കാർ കോളേജുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്; പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ; | (എ) | ജീവനി പദ്ധതി നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സൈക്കോളജി വിദഗ്ധരുടെ സേവനത്തിലൂടെ വിദ്യാർത്ഥികളുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിനും മാനസിക ആരോഗ്യം മെച്ചപ്പെടുത്തുവാനും ആണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി കൂടുതൽ കോളേജുകളിലേക്കും പോളിടെക്നിക്കുകളിലേക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ജീവനി പദ്ധതി നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എയ്ഡഡ് കോളേജുകളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.പ്രസ്തുത പദ്ധതി പോളിടെക്നിക് കോളേജുകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ